(ബി) ഈ പദ്ധതിപ്രകാരം ചിറ്റൂർ നിയോജകമണ്ഡലത്തിലെ മൂലത്തറ വലതുകര കനാലിന്റെ നിർമ്മാണം ഉൾപ്പെടുത്താൻ ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ പാലക്കാട് ജില്ലാ കളക്ടർ ശിരുവാണി പ്രോജക്ട് സൂപ്രണ്ടിംഗ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(ഡി) മൂലത്തറ വലതുകര കനാലിന്റെ നിർമ്മാണത്തിന് ഈ പദ്ധതിപ്രകാരം എത്ര രൂപയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കിയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) മൂലത്തറ വലതുകനാലിന്റെ നിർമ്മാണം ഉൾപ്പെട്ടിട്ടുള്ള പ്രോജക്ട് റിപ്പോർട്ട് 20-12-2002-ൽ പാലക്കാട് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

(ഡി) മൂലത്തറ വലതുകര കനാലിന്റെ നിർമ്മാണത്തിന് ഏകദേശം 12 കോടി രൂപയ്ക്കുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കിവരുന്നു.

കുടിവെള്ള ക്ഷാമം

62 (954) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം നേരിടുന്ന അതിരൂക്ഷമായ കുടിവെള്ളക്ഷാമം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഗാർഹിക ആവശ്യങ്ങൾക്കായി കുഴൽകിണർ കുഴിക്കുന്നതിൽ ഇപ്പോൾ എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) പ്രസ്തുത നിയന്ത്രണങ്ങളിൽ എന്തെങ്കിലും അയവു വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനം അഭിമുഖീകരിക്കുന്ന രൂക്ഷമായ കുടിവെള്ള ക്ഷാമം കണക്കിലെടുത്ത് അടുത്ത അഞ്ചു വർഷത്തേയ്ക്ക് ശുദ്ധജലവിതരണത്തിൽ എന്തെങ്കിലും ക്രിയാത്മക പദ്ധതികൾ നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ, അത് സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇത് പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഉറവിടം വിപുലീകരിക്കുക, പമ്പുകളുടെയും പൈപ്പു ലൈനുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുക, പഴയ പമ്പുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുക, വിതരണശൃംഖല വിപുലീകരിക്കുക തുടങ്ങിയ പണികൾ നടപ്പിലാക്കി വരുന്നു. കൂടാതെ, ചില സ്ഥലങ്ങളിൽ ജില്ലാ കളക്ടർ, അനുവദിച്ച ഫണ്ട് ഉപയോഗിച്ചും മേൽപ്പറഞ്ഞ പണികൾ നടപ്പിലാക്കുന്നുണ്ട്. ശാശ്വത പരിഹാരം ലക്ഷ്യമാക്കി കേരള വാട്ടർ അതോറിറ്റി 224 ശുദ്ധജലവിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 35 പദ്ധതികൾക്ക് ഈ വർഷം അംഗീകാരം കൊടുത്തിട്ടുണ്ട്. ചെറുതും വലുതുമായ 1280 പദ്ധതികൾക്ക് 11-ാം ധനകാര്യ കമ്മീഷൻ, കേന്ദ്ര സർക്കാർ എന്നിവയുടെ അംഗീകാരം നേടിയിട്ടുണ്ട്. 'വർഷ' പദ്ധതി പ്രകാരം 170 യൂണിറ്റുകളുടെ പണിയും 'മഴവെള്ളക്കൊയ്ത്ത്' പരിപാടി പ്രകാരം 143 യൂണിറ്റുകളുടെ പണിയും പൂർത്തിയാക്കി. 7 തടയണകൾ നിർമ്മിക്കുന്ന പണി പൂർത്തിയാക്കി. ഭൂജലവകുപ്പ്, കൃത്രിമ ഭൂജലസംരക്ഷണപദ്ധതി മഴവെള്ളശേഖരണ പദ്ധതി എന്നിവ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ജല ദൗർലഭ്യമുള്ള സ്ഥലങ്ങളിൽ കുഴൽകിണർ കുഴിച്ച് പദ്ധതി നടപ്പാക്കിവരുന്നു. ഇതുകൂടാതെ സെക്ടർ റിഫോംസ് പദ്ധതിയനുസരിച്ച് കൊല്ലം കാസർഗോഡ് ജില്ലകളിലും 'ജലനിധി' പദ്ധതിയനുസരിച്ച് തൃശ്ശൂർ, പാലക്കാട്, മലപ്പുറം കോഴിക്കോട് ജില്ലകളിലും ഉപഭോക്താക്കളുടെ പങ്കാളിത്തത്തോടെ ചെറുകിട ജലവിതരണ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ ജനകീയ പങ്കാളിത്തത്തോടു കൂടി 'സ്വജൽധാര' പദ്ധതികളും നടപ്പിലാക്കാൻ ആരംഭിച്ചിട്ടുണ്ട്.

(സി) ഗാർഹിക ആവശ്യങ്ങൾക്കായി കുഴൽകിണർ കുഴിക്കുന്നതിന് ഇപ്പോൾ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ&എഫ്) ഉണ്ട്. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ സഹായത്തോടെ പരമ്പരാഗത സ്രോതസ്സുകൾ വിപുലീകരിക്കുന്നതിന് 40 പദ്ധതികൾ രൂപകൽപ്പന ചെയ്ത് നടപ്പാക്കിവരുന്നു. "മഴവെള്ളക്കൊയ്ത്ത്" പദ്ധതിയിൽ ഉൾപ്പെടുത്തി 611 യൂണിറ്റുകൾ നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ 'വർഷ' പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ 623 യൂണിറ്റുകൾ നടത്താൻ പരിപാടിയുണ്ട്. ഭൂജലവകുപ്പ് കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ സബ്സർഫസ്ഡൈക്ക് പദ്ധതിയും നടപ്പാക്കി വരുന്നു. തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട് എന്നീ ജില്ലകളിൽ കേരള റൂറൽ വാട്ടർ സപ്ലൈ ആന്റ് സാനിട്ടേഷൻ ഏജൻസി ഘട്ടംഘട്ടമായി നടപ്പാക്കുന്ന ജലനിധി പദ്ധതി ശുദ്ധജലക്ഷാമത്തിന് സ്ഥായിയായ പരിഹാരം ലക്ഷ്യമിട്ടുകൊണ്ടുള്ളതാണ്. സെക്ടർ റിഫോംസ് പദ്ധതിയനുസരിച്ച് കൊല്ലം, കാസർഗോഡ് ജില്ലകളിൽ നടപ്പാക്കി വരുന്ന ചെറിയ പദ്ധതികളും ഇതേ ലക്ഷ്യമിട്ടിട്ടുള്ളവയാണ്. 'മഴവെള്ളക്കൊയ്ത്ത്' പദ്ധതികൾ കൂടുതൽ പ്രചരിപ്പിക്കുന്നതിനും

LIBRARY ARCHIVES Kerala Legislative Assembly

വ്യാപകമാക്കുന്നതിനും ആലോചനയുണ്ട്. കേന്ദ്ര സർക്കാർ പുതുതായി ആവിഷ്ക്കരിച്ച സ്വജൽധാരാ പദ്ധതി പ്രയോജനപ്പെടുത്തി പരമാവധി സ്ഥലങ്ങളിൽ ജനപങ്കാളിത്തത്തോടെ ജലവിതരണ പദ്ധതികൾ നടപ്പാക്കാൻ നടപടികളെടുത്തു വരുന്നു.

കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ

63 (955) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന അതിരൂക്ഷമായ ജലക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) സർക്കാരിന്റെയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ നിയന്ത്രണത്തിലുള്ള ശുദ്ധജലവിതരണ പദ്ധതികളില്ലാത്ത ഗ്രാമപ്രദേശങ്ങളിലും പൈപ്പ് കണക്ഷൻ വഴി ശുദ്ധജലവിതരണം ലഭ്യമാകുന്ന പ്രദേശങ്ങളിലും നഗരങ്ങളിലും രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജലക്ഷാമം പരിഹരിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഉറവിടം വിപുലീകരിക്കുക, പമ്പുകളുടെയും പൈപ്പു ലൈനുകളുടെയും അറ്റകുറ്റപ്പണികൾ നടത്തുക, പഴയ പമ്പുകൾ മാറ്റി പകരം പുതിയവ സ്ഥാപിക്കുക, വിതരണ ശൃംഖല വിപുലീകരിക്കുക തുടങ്ങിയ പണികൾ നടപ്പിലാക്കി വരുന്നു. കൂടാതെ ചില സ്ഥലങ്ങളിൽ ജില്ലാ കളക്ടർ അനുവദിച്ച ഫണ്ട് ഉപയോഗിച്ചും മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ശാശ്വത പരിഹാരം ലക്ഷ്യമാക്കി കേരള വാട്ടർ അതോറിറ്റി 224 ശുദ്ധജലവിതരണ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. 35 പദ്ധതികൾക്ക് ഈ വർഷം അംഗീകാരം കൊടുത്തിട്ടുണ്ട്. ചെറുതും വലുതുമായ 1280 പദ്ധതികൾക്ക് 11-ാം ധനകാര്യകമ്മീഷൻ, കേന്ദ്ര സർക്കാർ എന്നിവയുടെ അംഗീകാരം തേടിയിട്ടുണ്ട്. "വർഷ" പദ്ധതി പ്രകാരം 170 യൂണിറ്റുകളുടെ പണിയും "മഴവെള്ളക്കൊയ്ത്ത്" പരിപാടിപ്രകാരം 143 യൂണിറ്റുകളുടെ പണിയും പൂർത്തിയാക്കി. 7 തടയണകൾ നിർമ്മിക്കുന്ന പണി പൂർത്തിയാക്കി. ഭൂജലവകുപ്പ് കൃത്രിമ ഭൂജലസംരക്ഷണ പദ്ധതി മഴവെള്ളശേഖര പദ്ധതി എന്നിവ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു. രാജീവ്ഗാന്ധി കുടിവെള്ള പദ്ധതിയിൽ ജലദൗർലഭ്യമുള്ള സ്ഥലങ്ങളിൽ കുഴൽകിണർ കുഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ സെക്ടർ റിഫോംസ് പദ്ധതിയനുസരിച്ച് കൊല്ലം, കാസർഗോഡ് ജില്ലകളിലും 'ജലനിധി' പദ്ധതിയനുസരിച്ച് തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, പാലക്കാട് ജില്ലകളിലും ഉപഭോക്താക്കളുടെ പങ്കാളിത്തത്തോടെ ചെറുകിട ജലവിതരണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. കേന്ദ്രസർക്കാർ സഹായത്തോടെ ജനകീയ പങ്കാളിത്തത്തോടെ 'സ്വജൽധാര' പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കാൻ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly